പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2637 17.06.2019ൽ മറുപടിയ്ക്ക്

## വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി

| | ചോദ്യം<br>ശ്രീ.കെ.ജെ. മാക്സി | | മറുപടി<br>അഡ്വ. കെ.രാജു<br>(ബഹു. വനവും മൃഗസംരക്ഷണവും<br>മൃഗശാലകളും വകുപ്പമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്വാഭാവിക വനപ്രദേശം നിലവിൽ എത്രയുണ്ട്; | (എ) | സംസ്ഥാനത്ത് സ്വാഭാവിക വനപ്രദേശം നിലവിൽ 11309.5032 ച.കി.മീറ്ററുണ്ട്. |
| (ബി) | 1971 ന ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങളുടെ വിസ്തൃതി സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്തുമോ;; | (ബി) | 01.01.1977 ന ശേഷമുള്ള വനഭൂമികയ്യേറ്റങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കുന്നതിനാൽ 1971 ന ശേഷമുള്ള വനഭൂമികയ്യേറ്റങ്ങളുടെ കണക്കുകൾ ലഭ്യമല്ല. 01.01.1977 ന ശേഷം കയ്യേറിയ വനഭൂമി - ഒഴിപ്പിച്ച വനഭൂമിഎന്നിവയുടെകണക്ക്ചുവടെകൊടുക്കുന്നു. |

| 01.01.1977 ന ശേഷം കയ്യേറിയ വനഭൂമി (ഹെക്ടർ) | കോളം (1) ലെ ഒഴിപ്പിച്ച വനഭൂമി (ഹെക്ടർ) | ഒഴിപ്പിക്കുന്നതിന് ബാക്കിയുള്ള വനഭൂമി (ഹെക്ടർ) |
|---|---|---|
| 11917.8952 | 4628 | 7289.8952 |

| | | | |
|---|---|---|---|
| (സി) | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട് വിവിധ കോടതികളിൽ നിലവി ലുള്ള കേസ്സുകളുടെ എണ്ണം എത്രയാണെന്നും എത്ര ഹെക്ടർ വനം കയ്യേറ്റകേസ്സുകളാണ് കോടതികളുടെ പരിഗണന യിലുളളതെന്നും വ്യക്തമാക്കുമോ; | (സി) യും, (ഡി) യും (ഇ) യും | വനം കയ്യേറ്റവുമായി ബന്ധപ്പെട്ട വിവിധ കോടതികളിലായി 481 കേസ്സുകൾ നിലവിലുണ്ട്. ഈ കേസ്സുകളിലായി 2121.011 ഹെക്ടർ വനം കയ്യേറ്റങ്ങളാണ് കോടതിയുടെ പരിഗണന യിലുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | വനഭ്രമി കയ്യേറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചുവരുന്നത് എന്നറിയിക്കാമോ? | | പുതിയ കയ്യേറ്റ ശ്രമങ്ങൾ അപ്പപ്പോൾ തന്നെ തടയുകയും അവയ്ക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. 01.01.1977 ന ശേഷമുള്ള കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഒ.പി. 18467/2002, 1947/2003 എന്നീ നമ്പർ കേസുകളിൽ 04.09.15 - ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ, കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കയ്യേറിയ ഭൂമിയിൽ നിന്നും കയ്യേറ്റക്കാർക്ക് സമയപരിധി വച്ച് ഒഴിഞ്ഞ് പോകാൻ നോട്ടീസുകൾ നൽകി വരുന്നു. എന്നാൽ തദ്ദേശിയ രാഷ്ട്രീയ, സാമുദായിക സംഘടനകളുടെയും കയ്യേറ്റക്കാരുടെയും സംഘടിതമായ ചെറുത്തുനിൽപ്പിനെ തുടർന്ന് ഒഴിപ്പിക്കൽ നടപടികളിൽ കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ജി..ഒ. (എം.എസ്) നമ്പർ 69/2002/വനം തീയതി 08.11.2002 പ്രകാരം ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മറ്റിയെ നിയമിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേരുകയും കയ്യേറ്റം ഒഴിപ്പിക്കൽ നടപടികൾ അവലോകനം ചെയ്യുന്നതുമാണ്. അതേപോലെ തന്നെ സർക്കിൾ കൺസർവേറ്റർമാർ ചെയർമാൻമാർ ആയ അഞ്ച് സർക്കിൾ ലെവൽ കമ്മിറ്റികളും ജി.ഒ. (എം.എസ്) 15/03/വനം തീയതി 06.03.2003 പ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നതിലേയ്ക്കായി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. മേൽപടി കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കൽ യോഗം കൂടി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നുണ്ട്.<br><br>വനഭ്രമികയ്യേറ്റം ചെറുക്കുന്നതിനും വനഭ്രമി സംരക്ഷിക്കുന്നതിനും വനാതിർത്തികളിൽ ജണ്ടകൾ, കയ്യാലകൾ എന്നിവ നിർമ്മിക്കുകയും, നശിച്ചതും നിലവിലുള്ളതുമായവയുടെ അറ്റകുറ്റപണികൾ നടത്തിയും, നിരന്തരമായി അതിർത്തി പരിശോധനാ, പട്രോളിംഗ് എന്നിവ നടത്തിയും, കയ്യേറ്റശ്രമങ്ങൾ സംബന്ധിച്ച് വിവരശേഖരണം നടത്തിയും കയ്യേറ്റ ശ്രമങ്ങൾ യഥാസമയം കണ്ടെത്തി ഒഴിപ്പിച്ച് കർശന നിയമ നടപടികൾ സ്വീകരിച്ചും വരുന്നു. ഭാവിയിൽ വനം കയ്യേറ്റം ഒഴിവാക്കാനും, നിലവിലുള്ള വനം കയ്യേറാതെ സംരക്ഷിക്കുന്നതിനും വനാതിർത്തികൾ സർവ്വേ ചെയ്ത് ജണ്ടകൾ സ്ഥാപിക്കുന്നതാണ് ഫലപ്രദമായമാർഗ്ഗം. അപ്രകാരം 2016-17 സാമ്പത്തിക് വർഷത്തിൽ 12,500 ജണ്ടണ്ടകളും, 2017-18 ൽ 14416 ജണ്ടണ്ടകളും 2018-19 ൽ 14618 ജണ്ടണ്ടകളും നിർമ്മിച്ചിട്ടുണ്ടണ്ട്. വനാതിർ ത്തികൾ വേർതിരിക്കുന്നതിന് വന ഉദ്യോഗസ്ഥരെ പ്രാപ്തരാക്കുന്നതിനായി 2016-17 മുതൽ 210 ബീറ്റ് ഫോറസ്റ്റ് ഓഫീസർ/സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാർക്ക് സർവ്വേ പരിശീലനം നൽകിക്കഴിഞ്ഞു. കൂടാതെ 30 പേരുടെ പരിശീലനം ഇപ്പോൾനടന്നു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ